# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 273/2024 തിരുവനന്തപുരം, തീയതി: 07/12/2024

## പത്രക്കുറിപ്പ്

### ക്രിസ്തുമസ് അവധി

കേരളസർവകലാശാല പഠന വിഭാഗങ്ങൾ ക്രിസ്തുമസ് അവധിയ്ക്കായി 2024 ഡിസംബർ 23 ന് വൈകുന്നേരം അടയ്ക്കുന്നതും ക്രിസ്തുമസ് അവധിയ്ക്ക് ശേഷം 2025 ജനുവരി 3 മുതൽ തുറന്ന് പ്രവർത്തിക്കുന്നതുമാണ്.

കേരളസർവകലാശാലയിൽ അഫിലിയേറ്റഡ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകൾ ക്രിസ്തുമസ് അവധിയ്ക്കായി 2024 ഡിസംബർ 19 ന് വൈകുന്നേരം അടയ്ക്കുന്നതും ക്രിസ്തുമസ് അവധിയ്ക്ക് ശേഷം 2024 ഡിസംബർ 30 മുതൽ തുറന്ന് പ്രവർത്തിക്കുന്നതുമാണ്.

### പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2024 ഡിസംബർ 31 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാ കേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. (www.keralauniversity.ac.in)

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. പ്രോഗ്രാം ഇൻ കെമിസ്ട്രി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡ്രഗ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ്, സുവോളജി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ബയോസിസ്റ്റമാറ്റിക്സ് ആന്റ് ബയോഡൈവേഴ്സിറ്റി എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2024 ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

### പരീക്ഷാകേന്ദ്രം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2024 ഡിസംബർ 10 മുതൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.സി.എ./ബി.ബി.എ./ബി.കോം./ ബി.എൽ.ഐ.എസ്സി. നവംബർ 2024 ഡിഗ്രി പരീക്ഷകളുടെ പരീക്ഷാകേന്ദ്രം കാര്യവട്ടം ഗവൺമെന്റ് കോളേജ് കാര്യവട്ടത്ത് നിന്നും കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലേക്ക് മാറ്റിയിരിക്കുന്നു. മറ്റ് പരീക്ഷ തീയതിക്കോ, പരീക്ഷാ കേന്ദ്രത്തിനോ, സമയത്തിനോ മാറ്റമില്ല.

കേരളസർവകലാശാലയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന മഞ്ഞപ്പാറ എജ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ബി.എഡ്. കോളേജിന്റെ പരീക്ഷാ കേന്ദ്രം റദ്ദ് ചെയ്തതിനാൽ പ്രസ്തുത കോളേജിന്റെ താൽക്കാലിക പരീക്ഷ കേന്ദ്രമായി അഞ്ചൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ അനുവദിച്ചിരിക്കുന്നു. ആയതിനാൽ മഞ്ഞപ്പാറ എജ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ബി.എഡ്. കോളേജിലെ വിദ്യാർത്ഥികൾ മറ്റൊരറിയിപ്പ് ഉണ്ടാകുന്നതുവരെ അഞ്ചൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷനിൽ പരീക്ഷ എഴുതേണ്ടതാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. സുവോളജി, എം.എസ്സി. സുവോളജി (ന്യൂജനറേഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ഡിസംബർ 10 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ www.keralauniversity.ac.in.

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്/എക്സ്റ്റൻഷൻ എജ്യൂക്കേഷൻ/ഫുഡ് ആന്റ് ഡയറ്ററ്റിക്സ്/നൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ്) പരീക്ഷകളുടെ പ്രാക്ടിക്കൽ 2024 ഡിസംബർ 11, 13, 17 എന്നീ തീയതികളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ www.keralauniversity.ac.in.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ജനുവരി 20 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട്, മൂന്ന് വർഷ ത്രിവത്സര എൽ.എൽ.ബി. (മേഴ്സിചാൻസ് – ആന്വൽ സ്കീം – 1998 സ്കീം) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ www.keralauniversity.ac.in.

കേരളസർവകലാശാല 2024 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം. അക്കൗണ്ട്സ് ആന്റ് ഡാറ്റാ സയൻസ്, ബി.എസ്സി. മാത്തമാറ്റിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ന്യൂജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ www.keralauniversity.ac.in.

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. (മേഴ്സിചാൻസ് – 2001 - 2019 അഡ്മിഷൻ) പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷ 2025 ജനുവരി 10 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ www.keralauniversity.ac.in.

## അഡ്വാൻസ്ഡ് പി.ജി. ഡിപ്ലോമ ഇൻ മോളിക്യുലർ ഡയഗ്നോസ്റ്റിക്സ് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജീനോമിക്സ് ആന്റ് ജീൻ ടെക്നോളജി, കാര്യവട്ടം ക്യാമ്പസ്സിൽ അഡ്വാൻസ്ഡ് പി.ജി. ഡിപ്ലോമ ഇൻ മോളിക്യുലർ ഡയഗ്നോസ്റ്റിക്സ് കോഴ്സ് 2024-25 അഡ്മിഷന് വേണ്ടി അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: ലൈഫ് സയൻസിൽ ഒന്നാം ക്ലാസ്സ് ബിരുദാനന്തര ബിരുദം/ബയോടെക്നോളജിയിൽ ഒന്നാം ക്ലാസ്സ് ബിരുദാനന്തര ബിരുദം/മെഡിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം/ബയോടെക്നോളജിയിൽ എം.ടെക്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഡിസംബർ 30. ഫോൺ: 9495819218. വിശദവിവരങ്ങൾക്ക് E-mail: cggtlab@gmail.com, website: www.keralauniversity.ac.in.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**